# പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.* 233** — **19.03.2015-ലെ മറുപടിക്ക്**

## മെഡിക്കൽ കോളേജുകളിൽ അടിസ്ഥാന സൗകര്യ വികസനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം.ഉമ്മർ<br>ശ്രീ.സി.മോയിൻ കുട്ടി<br>ശ്രീ.കെ.എൻ.എ ഖാദർ<br>ശ്രീ.കെ.എം.ഷാജി | (ശ്രീ. വി.എസ്. ശിവകുമാർ<br>ആരോഗ്യവും കുടുംബക്ഷേമവും<br>ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ അടിസ്ഥാന സൗകര്യങ്ങൾ, അദ്ധ്യാപകർ എന്നീ ഘടകങ്ങളുടെ കാര്യത്തിൽ നില നിൽക്കുന്ന അപര്യാപ്തത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ അടിസ്ഥാന സൗകര്യങ്ങളുടെ കാര്യത്തിലുള്ള അപര്യാപ്തത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ അദ്ധ്യാപകരുടെ കാര്യത്തിൽ അപര്യാപ്തത ഇല്ല. സീനിയർ റസിഡന്റ് തസ്തികയിലുള്ള അപര്യാപ്തത നിലവിലുണ്ട്. മിക്ക കോളേജുകളിലും രൂപീകൃതമായകാലത്തുള്ള ഹോസ്റ്റൽ/ക്വാർട്ടേഴ്സുകളാണ് ഇപ്പോഴും നിലവിലുള്ളത്. ലക്ചർ തിയറ്റർ . കോംപ്ലക്സ്, പരീക്ഷാ ഹാൾ, ബെഡ് സൈഡ് റ്റീച്ചിംഗ് ഫസിലിറ്റി, ലൈബ്രറി എന്നിവയിലാണ് അപര്യാപ്തത |
| (ബി) ഇത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) അടിസ്ഥാന സൗകര്യങ്ങൾ, ഹോസ്റ്റൽ/ക്വാർട്ടേഴ്സുകൾ, ലക്ചർ തിയറ്റർ കോംപ്ലക്സ്, പരീക്ഷാ ഹാൾ, ബെഡ് സൈഡ് റ്റീച്ചിംഗ് ഫസിലിറ്റി, ലൈബ്രറി എന്നിവയിലുള്ള അപര്യാപ്തത പരിഹരിക്കുന്നതിനായി ഘട്ടംഘട്ടമായി നടപടി സ്വീകരിച്ചു വരുന്നു. |
| (സി) ഇന്ത്യൻ മെഡിക്കൽ കൗൺസിലിന്റെ പരിശോധനയെത്തുടർന്ന് മെഡിക്കൽ കോളേജുകളിൽ പുതിയ കോഴ്സുകൾ അനുവദിക്കുന്ന കാര്യത്തിൽ സ്തംഭനാവസ്ഥയുണ്ടായിട്ടുണ്ടോ; | (സി) ഇല്ല. |

| | |
|---|---|
| (ഡി) എങ്കിൽ ഏതൊക്കെ മെഡിക്കൽ കോളേജുകളിൽ ഏതൊക്കെ കോഴ്സുകൾ അനുവദിക്കാനാണ് പ്രൊപ്പോസൽ നൽകിയിരുന്നത് എന്നതിന്റെ വിശദാംശം നൽകാമോ ? | (ഡി) തിരുവനന്തപുരം ഗവൺമെന്റ് മെഡിക്കൽ കോളേജിൽ DM Endocrinology, DM Neonatology എന്നീ കോഴ്സുകളും ആലപ്പുഴ ഗവൺമെന്റ് മെഡിക്കൽ കോളേജിൽ MD Biochemistry, MD Microbiology, MD Radiotherapy, MD Pulmonary Medicine, DM Nephrology എന്നീകോഴ്സുകളും കോട്ടയം ഗവൺമെന്റ് മെഡിക്കൽ കോളേജിൽ MD Infectious Disease എന്നീ കോഴ്സുകളും തുടങ്ങുവാനാണ് അപേക്ഷ നൽകിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ